"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-കൊല്ലം ജില്ലാ പഞ്ചായത്ത്- ജില്ലാ കൃഷി ഫാം അഞ്ചലിന്റെ വിവിധ പ്രവൃത്തികൾക്കായി 170 ലക്ഷം രൂപ അടങ്കലിൽ 2014-15 വർഷത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയിൽ, ടിഷ്യൂകൾച്ചർ ടെക്നീഷൻ ട്രെയിനിംഗുമായി ബന്ധപ്പെട്ട്, ടിഷ്യൂ കൾചർ പരിശീലനാർത്ഥികൾക്ക് 28000/-(ഇരുപത്തിയെട്ടായിരം രൂപ) സ്റ്റൈഫന്റ് നൽകിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(എഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2069/2024/LSGD തീയതി,തിരുവനന്തപുരം, 30-10-2024

---

പരാമർശം:- കൊല്ലം ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 16.05.2023, 12.08.2024 എന്നീ തീയതികളിലെ എ3-2483/2015 നമ്പർ കത്തുകൾ

**ഉത്തരവ്**

ജില്ലാ കൃഷി ഫാം അഞ്ചലിന്റെ വിവിധ പ്രവൃത്തികൾക്കായി 170 ലക്ഷം രൂപ അടങ്കലിൽ 2014-15 വർഷത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയിൽ, ടിഷ്യൂകൾച്ചർ ടെക്നീഷൻ ട്രെയിനിംഗുമായി ബന്ധപ്പെട്ട് 7 പേർക്ക് 4000 രൂപ വീതം 28000/-രൂപ (ഇരുപത്തിയെട്ടായിരം രൂപ)സ്റ്റൈഫന്റ് നൽകി. ഇത് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ, സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കണമെന്ന് അക്കൗണ്ടന്റ് ജനറൽ ഓഡിറ്റിൽ പുനരഭിപ്രായ കുറിപ്പിൽ ആവശ്യപ്പെടുകയുണ്ടായി. അപ്രകാരം സാധൂകരണം നൽകണമെന്നാവശ്യപ്പെട്ട് കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശ പ്രകാരം അപേക്ഷ ലഭ്യമാക്കുകയുണ്ടായി.

അഞ്ചൽ കൃഷി ഫാമിൽ പ്രവർത്തിച്ചു വരുന്ന ടിഷ്യൂ കൾച്ചർ ലാബിലെ സാങ്കേതിക ജോലികൾ ചെയ്യുന്നതിന് ടിഷ്യൂകൾച്ചർ ടെക്നീഷ്യൻമാരുടെ തസ്തിക അനുവദിച്ചിട്ടില്ല. ടെക്നിക്കൽ സ്റ്റാഫിന്റെ അഭാവത്തിൽ ഫാമിലെ തൊളിലാളികളുടെ സേവനം പ്രയോജനപ്പെടുത്തിയാണ് ലാബിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തി വന്നിരുന്നത്. VHSE (Agriculture), B.Sc(Botany) കോഴ്സുകൾ വിജയിച്ചവർക്ക് പരിശീലനം നൽകി ലാബിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഉപകരിക്കത്തക്ക വിധത്തിലാണ് പ്രസ്തുത പരിശീലനപരിപാടി ക്രമീകരിച്ചിരുന്നത്. പ്രസ്തുത പരിശീലന പരിപാടി പദ്ധതിക്ക് ഡി പി സി അംഗീകാരം ലഭിച്ചിരുന്നതും 7 പരിശീലനാർത്ഥികളിൽ നിന്നും മൂന്നു മാസത്തെ പരിശീലന ഫീസിനത്തിൽ 3000/- രൂപ വീതം ഈടാക്കി 21000/- രൂപ(ഇരുപത്തിയൊന്നായിരം രൂപ) ജില്ലാ പഞ്ചായത്തിൽ അടവാക്കിയിരുന്നതുമാണ്. മൂന്നു മാസത്തെ പരിശീലനത്തിന്റെ പ്രയോജനം ടിഷ്യൂ ലാബിന് പ്രയോജനപ്പെടുത്തുന്നതിലേക്കാണ് പ്രതിമാസം 4000/- വീതം സ്റ്റൈപ്പന്റ് നൽകി അപ്രന്റിഷിപ്പിൽ ഫാമിൽ നിയോഗിച്ചിരുന്നത്. സ്റ്റൈപ്പന്റിനത്തിൽ തനത് ഫണ്ടാണ് വിനിയോഗിച്ചിട്ടുള്ളത്. അപ്രന്റിഷിപ്പ് കാലയളവിൽ ലാബിൽ നിയോഗിച്ചിട്ടുണ്ടായിരുന്ന മറ്റ് തൊഴിലാളികളെ ഫാമിലെ മറ്റ് തൊഴിലുകൾക്കായി നിയോഗിച്ചിട്ടുള്ളതിനാൽ ഈയിനത്തിൽ ഫാമിന് സാമ്പത്തിക നഷ്ടമുണ്ടായിട്ടില്ല. ടിഷ്യൂകൾച്ചർ സാങ്കേതിക വിദ്യയിൽ സാങ്കേതിക പരിജ്ഞാനം ലഭിച്ചവരെ ലാബിന്റെ പ്രവർത്തനത്തിന് നിയോഗിച്ചത് വഴി ഫാമിന് യാതൊരുവിധ സാമ്പത്തിക നഷ്ടമുണ്ടായില്ല എന്നും ജില്ലാ പഞ്ചായത്തിനോ, സംസ്ഥാന സർക്കാറിനോ, മറ്റ് അനുബന്ധ സ്ഥാപനങ്ങൾക്കോ യാതൊരു വിധത്തിലുള്ള സാമ്പത്തിക നഷ്ടമില്ലാത്ത സാഹചര്യത്തിൽ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിലേക്കായി സർക്കാരിൽ നിന്നും സാധൂകരണം നൽകണമെന്ന് ജില്ലാ

പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടുകയുണ്ടായി. ടിഷ്യൂ കൾചർ പരിശീലനാർത്ഥികൾക്ക് സ്റ്റൈഫന്റ് നൽകിയ നടപടി സാധൂകരിക്കുന്നതിന് ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും ശിപാർശ ചെയ്തിട്ടുണ്ട്

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ഏഴ് പേരിൽ നിന്നും 3000/-രൂപ വീതം 21000/- രൂപ ഈടാക്കിയാണ് ടിഷ്യൂ കൾചർ പരിശീലനം നൽകിയത് എന്നതിനാലും ടിഷ്യൂ കൾച്ചർ സാങ്കേതിക പരിജ്ഞാനം ലഭിച്ച ടിയാളുകളുടെ സേവനം കൃഷിഫാമിന് ലഭിച്ചത് വഴി നേട്ടമാണ് ഉണ്ടായിട്ടുള്ളത് എന്നതിനാലും, അപ്രന്റിഷിപ്പ് കാലയളവിൽ ലാബിൽ നിയോഗിച്ചിട്ടുണ്ടായിരുന്ന മറ്റ് തൊഴിലാളികളെ ഫാമിലെ മറ്റ് തൊഴിലുകൾക്കായി നിയോഗിച്ചിട്ടുള്ളതിനാൽ ഈയിനത്തിൽ ഫാമിന് സാമ്പത്തിക നഷ്ടമുണ്ടായിട്ടില്ല എന്നതും പരിഗണിച്ച് മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി, കൊല്ലം ജില്ലാ പഞ്ചായത്ത്, ജില്ലാ കൃഷി ഫാം അഞ്ചലിന്റെ വിവിധ പ്രവൃത്തികൾക്കായി 170 ലക്ഷം രൂപ അടങ്കലിൽ 2014-15 വർഷത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയിൽ, ടിഷ്യൂകൾച്ചർ ടെക്നീഷൻ ട്രെയിനിംഗുമായി ബന്ധപ്പെട്ട്, ടിഷ്യൂ കൾചർ പരിശീലനാർത്ഥികൾക്ക് 28000/- (ഇരുപത്തിയെട്ടായിരം രൂപ) സ്റ്റൈഫന്റ് നൽകിയ നടപടി സാധൂകരിച്ച് ഉത്തരവ് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, കൊല്ലം ജില്ലാപഞ്ചായത്ത്

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം

വെബ് &ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Reji R S
Date: 30-10-2024 15:55:28

സെക്ഷൻ ഓഫീസർ